(ഇ) കുറ്റ്യാടി എക്സ്റ്റൻഷന്റെ പ്രോജക്ടിന് 41,28,496.33 കനേഡിയൻ ഡോളറും പള്ളിവാസൽ,പന്നിയാർ, ചെങ്കുളം അപ്ഗ്രഡേഷൻ പദ്ധതിയ്ക്ക് 70,17,691.65 കനേഡിയൻ ഡോളറും.

(എഫ്) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് ഉദ്യോഗസ്ഥൻമാർക്ക് താമസസൗകര്യം, ഓഫീസ് സൗകര്യം, വാഹനം, ടെലിഫോൺ എന്നിവ അനുവദിച്ചു.

(ജി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതിക്ക് നാളിതുവരെ 86,90 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

എസ്.എൻ.സി. ലാവലിൻ കമ്പനിയെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

193 [2686] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
,, ടി. എൻ. പ്രതാപൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് കാര്യത്തെക്കുറിച്ചാണ് അന്വേഷണം നടത്തിയത്;

(സി) ഈ അന്വേഷണം പൂർത്തിയായോ; എങ്കിൽ അതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചോ;

(ഡി) എങ്കിൽ അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത അന്വേഷണം പൂർത്തിയാകാത്തപക്ഷം ഉടനടി അതു പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ ആന്റ് ഇ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണത്തിനായുള്ള കരാർ എസ്. എൻ. സി. ലാവലിൻ കമ്പനിക്കു നൽകിയതുമായി ബന്ധപ്പെട്ടും ലോവർ പെരിയാർ പ്രോജക്ടിന്റെ കൺസൾട്ടൻസിയുടെ കാലാവധി നീട്ടി കൊടുത്തതു സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ്

194 [2687] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ് 7A എന്ന് വൻകിട വ്യവസായത്തിന് നൽകുന്ന ഇനത്തിൽ ഉൾക്കൊള്ളിക്കുകയും അത് കുറയ്ക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ഈ വിഭാഗം തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ് 26-7-2002-ലെ ബോർഡിന്റെ (എഫ്. എം.) 14/02/പി.എൻ.ജി.കോം.4304/2001 നമ്പർ സർക്കുലർ പ്രകാരം 7A-യിൽ നിന്നും കുറഞ്ഞ താരിഫ് ആയ എൽ.റ്റി.-4ലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരാതികൾ ഉടൻ പരിഹരിച്ച് റിപ്പോർട്ട് ചെയ്യാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇലക്ട്രോണിക് വൈദ്യുത മീറ്ററുകളുടെ വാടക

195 [2688] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് വൈദ്യുത മീറ്ററുകളുടെ പ്രതിമാസ വാടക 250 രൂപയായി 1-1-2004 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇപ്പോൾ നിലവിലുള്ള ഗാർഹിക വൈദ്യുതി നിരക്ക് എന്നാണ് പ്രാബല്യത്തിൽ വന്നത്;

(ഡി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല. ഇലക്ട്രോണിക്-ഇലക്ട്രോമെക്കാനിക്കൽ എന്ന വ്യത്യാസം കൂടാതെയാണ് മീറ്റർവാടക ഈടാക്കുന്നത്.

(ബി) പ്രസക്തമല്ല.

(സി) 1-10-2002 മുതൽ പ്രാബല്യത്തിൽ വന്നു.

(ഡി) ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.†

ഇലക്ട്രിസിറ്റി ബോർഡിലെ അധിക തസ്തികകൾ

196 [2689] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ അധികമായിട്ടുള്ള ജീവനക്കാരെ തരം താഴ്ത്തുന്നതിന് ബോർഡ് ഉത്തരവിറക്കിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly